പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3314 — 29.01.2014 ലെ മറുപടിയ്ക്ക്

**കാർഷിക മേഖലയ്ക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം**

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് എസക്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എളമരം കരീം<br>ശ്രീ.എ.എം.ആരിഫ്. | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 30 ശതമാനം പദ്ധതി വിഹിതം ഉൽപ്പാദന മേഖലയ്ക്ക് ചെലവഴിക്കണമെന്ന നിബന്ധനയിൽ മാറ്റം വരുത്തിയ നടപടി കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) ഇതു സംബന്ധിച്ച് കൃഷി വകുപ്പ് പ്രത്യേകമായി വിലയിരുത്തൽ നടത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും ഓരോ സാമ്പത്തിക വർഷവും ഫണ്ട് ലഭ്യമാക്കി വരുന്നു. കൃഷിക്കും മറ്റ് അനുബന്ധ മേഖലകൾക്കും ലഭ്യമാകുന്ന പദ്ധതി വിഹിതം വളരെയധികം കുറയുന്നതിനുള്ള സാദ്ധ്യത കാണുന്നുണ്ട്. |
| (ബി) ഇതുമൂലം ഗ്രാമീണ മേഖലയിലെ കൃഷിയിടങ്ങൾ തരിശ്ശായി മാറുന്ന സ്ഥിതിവിശേഷം സംജാതമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. കൃഷിവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ സംസ്ഥാനത്തെ മുഴുവൻ കാർഷിക മേഖലയുടെയും സ്ഥായിയായ വളർച്ച ലക്ഷ്യമിട്ടാണ്. |
| (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ കാർഷിക മേഖലയ്ക്ക് മതിയായ പ്രാധാന്യം ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന അവലോകന യോഗങ്ങളിൽ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്കു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ചും ചർച്ച ചെയ്യാറുണ്ട്. ഇതിൽ നിന്നും കാർഷിക മേഖലയ്ക്ക് മതിയായ പ്രാധാന്യം ലഭിക്കുന്നുണ്ട് എന്ന് കാണുന്നു. |
| (ഡി) എങ്കിൽ ഈ നയ സമീപനത്തിൽ പാളിച്ചകൾ ഉണ്ടോ; എങ്കിൽ തിരുത്താൻ ശ്രമിക്കുമോ? | (ഡി) മേഖലാ വകയിരുത്തലിനുള്ള പുതുക്കിയ മാനദണ്ഡം അനുസരിച്ച് കൃഷിക്കും മറ്റ് അനുബന്ധ മേഖലകൾക്കും എത്ര ശതമാനം എന്ന് വകയിരുത്തിയില്ലെങ്കിലും എത്ര ശതമാനവും നീക്കിവയ്ക്കാം. ഇത് പ്രകാരം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 50% വരെ നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ